**<u>തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം</u>**

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം - - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1). സർക്കാർ ഉത്തരവ് സ.ഉ.(സാ ധാ) നം. 3190/2023/ആ.കു.വ. തീയതി. 01.12.2023.

(2). ഒ.എ. (ഇ.കെ.എം) നം. 203/2021, ഒ.എ. (ഇ.കെ.എം) നം. 33/2021 കേസുകളിലെ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.02.2023 ലെ അന്തിമ വിധി.

(3). ഒ.പി. (കെ.എ.റ്റി) നം. 97/2023 കേസിലെ ബഹു: ഹൈക്കോടതിയുടെ 14.03.2023-ലെ ഇടക്കാല വിധി.

(4). സർക്കാർഉത്തരവ് സ.ഉ.(സാ ധാ) നം. 1181/2023/ആ.കു.വ. തീയതി. 18.05.2023

(5). ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.08.2023 -ലെ ഇ.ജി.4-10604/2023 നമ്പർ കത്ത്.

(6). ഒ.പി. (കെ.എ.റ്റി) നം. 97/2023, ഒ.പി. (കെ.എ.റ്റി) നം. 218/2023 എന്നീ കേസുകളിലെ ബഹു: ഹൈക്കോടതിയുടെ 10.08.2023-ലെ ഇടക്കാല വിധി.

(7). ഉത്തരവ് നമ്പർ ഇ.എസ്1-4462/2008 ആ.വ.ഡ തീയതി 08.11.2008.

(8). Letter NO.H2/218/24-Health Dtd.30/8/24

**<u>ഉത്തരവ് നം. ഇ.ജി4-24098/2023/ആ.വ.ഡ. തീയതി 16-11-2024</u>**

01.01.1997 മുതൽ 31.03.2000 കാലയളവിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 01.04.2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണം എന്നാവശ്യപ്പെട്ട് ബഹു:കെ.എ.റ്റി യിൽ ഒ.എ. (ഇ.കെ.എം) നം. 203/2021, ഒ.എ. (ഇ.കെ.എം) നം. 33/2021 എന്നിവ ഫയൽ ചെയുകയും ബഹു: കെ.എ.റ്റി യുടെ പരമാർശം (2) പ്രകാരമുള്ള ഉത്തരവിൽ 01.04.2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പി.എസ്.സി.നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ അല്ലാതെ 01.01.1997 മുതൽ 31.03.2000 കാലയളവിലെ സീനിയോറിറ്റി പട്ടികയുടെ മാതൃകയിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി പുതുക്കാൻ ഉത്തരവായിരുന്നു. ബഹു: കെ.എ.റ്റി യുടെ പ്രസ്തുത ഉത്തരവ് പാലിച്ചു കൊണ്ട് പരമാർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, 01.04.2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പുതുക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ബഹു: കെ.എ.റ്റി യുടെ പരമാർശം (2) ഉത്തരവിനെതിരെയും പരമാർശം (4) സർക്കാർ ഉത്തരവിനെതിരെയും ഒ.പി. (കെ.എ.റ്റി) നം. 97/2023, ഒ.പി. (കെ.എ.റ്റി) നം. 218/2023 എന്നിവ ബഹു: ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്നു.

ഒ.പി. (കെ.എ.റ്റി) നം. 97/2023 മേൽ പരമാർശം (3) പ്രകാരം ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല വിധി ന്യായത്തിൽ ബഹു:കെ.എ.റ്റി. നിർദേശിച്ച പ്രകാരം അടിയന്തിരമായി സീനിയോറിറ്റി പട്ടിക തയ്യാറാക്കി ആയത് കോടതിയിൽ സീൽഡ് കവറിൽ

സമർപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ബഹു: ഹൈക്കോടതിയിൽ സമർപ്പിച്ച സീനിയോറിറ്റി പട്ടിക, സീനിയോറിറ്റി ലിസ്റ്റ് സംബന്ധമായ വിഷയം ബഹു: സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP(C) 12363/2018 ലെ പരിഗണനാ വിഷയമായതിനാൽ പുതുക്കിയ സീനിയോറിറ്റി പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ആയി പരിഗണിച് KS & SSR - ഭാഗം-II റൂൾ 31 (a) (i) പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്കുകളിൽ നിന്നും ഇളവനുവദിച്ചുകൊണ്ട്, ഇതു സംബന്ധിച്ച് ബഹു:സുപ്രീം കോടതി, ബഹു:ഹൈക്കോടതി എന്നിവയിൽ നിലനിൽക്കുന്ന മേൽ സൂചിപ്പിച്ച കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് പരമാർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി 01.04.2000 മുതൽ 31.10.2007 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക ലിസ്റ്റ്-I , ലിസ്റ്റ്-II എന്നിങ്ങനെ പരമാർശം (7) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 01.04.2000 മുതൽ 31.10.2007 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ പ്രവേശിച്ചതും പരാമർശം (3) ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ലിസ്റ്റ്-I -ൽ ഉൾപ്പെട്ട റാങ്ക് നമ്പർ. 1 മുതൽ 269 വരെയുള്ള ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് KS & SSR - ഭാഗം-II റൂൾ 31 (a) (i) പ്രകാരം 41300 – 87000 ശമ്പള സ്കെയിലിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് പരാമർശം (1) സർക്കാർ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇതു സംബന്ധിച്ച് ബഹു:സുപ്രീം കോടതി, ബഹു:ഹൈക്കോടതി എന്നിവയിൽ നിലനിൽക്കുന്ന മേൽ സൂചിപ്പിച്ച കേസുകളിലെ അന്തിമ വിധിക്കും വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| **ക്രമ നം.** | **റാങ്ക് നം.** | **പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും , പെൻ നമ്പരും** | **ജനന തീയതി** | **അനുവദിക്കുന്ന ജില്ല** |
|---|---|---|---|---|
| 1. | 878 | ഷാജു . D ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I<br><br>എഫ്.എച്ച്.സി തിരുവമ്പാടി കോഴിക്കോട് | 17.12.1977 | മലപ്പുറം |

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീർമാർ ടി വ്യക്തികൾക്ക് അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി വ്യക്തികളുടെ ജനന തീയതി, റാങ്ക് നമ്പർ എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനുശേഷം വിടുതൽ ചെയ്യേണ്ടതുമാണ്.

സംസ്ഥാനത്തു ഉപതിരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ മാതൃക പെരുമാറ്റ ചട്ടം

നിലനിൽക്കുന്നതിനാൽ പരാമർശം (8) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള ഒഴിവുകളിലേക്ക് ലഭ്യമായിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഉദ്യോഗസ്ഥരുടെ സ്ഥല മാറ്റ പരിഗണിക്കാൻ സാധിച്ചിട്ടില്ല . ആയതിനാൽ മാതൃക പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറക്ക് ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതും ആവശ്യമെങ്കിൽ ഇപ്പോൾ പോസ്റ്റിങ്ങ് നൽകിയിരിക്കുന്ന സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന / വിടുതൽ ചെയ്യുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. നിലവിൽ ജോലി നോക്കുന്ന സ്ഥാപനം മാറിയിട്ടുണ്ടെങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ വിടുതൽ ചെയ്ത് പുതിയ തസ്തികയിൽ പുതിയ തസ്തികയിൽ പ്രവേശിപ്പിക്കേണ്ട നടപടി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

മേൽ ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച സ്ഥാപനം, തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
Reetha K P
Date: 16-11-2024 16:41:19

**അഡീഷണൽ ഡയറക്ടർ(പൊതുജനാരോഗ്യം)**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

4. ഫയൽ / കരുതൽ ഫയൽ